**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്**
വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**(ഹാജർ: ശ്രീകുമാർ ബി.)**

വിഷയം :- ഡിഇഎസ് - ടി.എ - ജില്ലാ ഓഫീസുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് അഡീഷണൽ ഡയറക്ടർമാർക്കും ജോയിന്റ് ഡയറക്ടർമാർക്കും ജില്ലകളുടെ ചുമതല നൽകി പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

പരാമർശം:- 1. 17/12/2023 ലെ ഇതേ നമ്പർ ഉത്തരവ്.
2. 09/08/2024 ന് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ നിർദേശം.
3. 20/09/2023, 24/03/2024 എന്നീ തീയതികളിലെ ടി.എ/2905/2023/ഡി.ഇ.എസ്. നമ്പർ സർക്കുലറുകൾ.

**ഉത്തരവ് നമ്പർ:ഡിഇഎസ്/5393/2023-ടിഎ തീയതി: 12-08-2024**

വകുപ്പിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും നവീകരണവുമായി ബന്ധപ്പെട്ടും ജില്ലകളുടെ ചുമതല അഡീഷണൽ ഡയറക്ടർമാർക്കും ജോയിന്റ് ഡയറക്ടർമാർക്കും വിഭജിച്ച് നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

ഇത് പ്രകാരം ജില്ലകൾ സന്ദർശിച്ച് അഡീഷണൽ ഡയറക്ടർമാർ/ജോയിന്റ് ഡയറക്ടർമാർ സമർപ്പിച്ച റിപ്പോർട്ടുകൾ പരാമർശം (2) യോഗത്തിൽ അവലോകനം നടത്തുകയും ആവശ്യമായ നിർദേശം നൽകുകയും ചെയ്യുകയുണ്ടായി.

പരാമർശം (2) യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചത് പ്രകാരം ജില്ലകളുടെ ചുമതല ചുവടെ പറയുന്ന രീതിയിൽ പുനഃക്രമീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

| തസ്തിക | ജില്ല |
|---|---|
| അഡീഷണൽ ഡയറക്ടർ (ജനറൽ) | മലപ്പുറം, വയനാട് |
| അഡീഷണൽ ഡയറക്ടർ (എസ്.ഐ.) | പത്തനംതിട്ട, തൃശൂർ കോഴിക്കോട് |
| അഡീഷണൽ ഡയറക്ടർ (പ്രൈസസ്) | ആലപ്പുഴ, പാലക്കാട്, കണ്ണൂർ |
| ജോയിന്റ് ഡയറക്ടർ (എസ് & ഡി) | കോട്ടയം, ഇടുക്കി |
| ജോയിന്റ് ഡയറക്ടർ (ഇ.എ.ആർ.എ.എസ്.) | തിരുവനന്തപുരം, എറണാകുളം |
| ജോയിന്റ് ഡയറക്ടർ (എ.ജി.സി) | കൊല്ലം, കാസറഗോഡ് |

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ചുമതല നൽകിയിട്ടുള്ള ജില്ലകളിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതി പ്രവർത്തനങ്ങളുടെയും, റെക്കോഡുകളുടെയും പരിശോധനകൾ നിർവഹിക്കേണ്ടതും, പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകളും ഇതുമായി ബന്ധപ്പെട്ട് നൽകിയ നിർദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള വിശദമായ പരിശോധനാ റിപ്പോർട്ടുകൾ സമയബന്ധിതമായി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

Signed by
Sreekumar B
Date: 12-08-2024 22:48:36
DIRECTOR

പകർപ്പ് : - 1. ഡയറക്ടറുടെ സി.എ
2. അഡീഷണൽ ഡയറക്ടർമാരുടെ സി.എ-മാർ
3. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ
4. ജോയിന്റ് ഡയറക്ടർമാർ
5. എല്ലാ സെക്ഷൻ മേധാവികൾക്കും
6. എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
7. ഫയൽ, കരുതൽ ഫയൽ.